# കേരള സംസ്ഥാന മനുഷ്യാവകാശകമ്മീഷൻ

ഹാജർ : ജസ്റ്റിസ് അലക്സാണ്ടർ തോമസ്
ബഹു.ചെയർപേഴ്സൺ

**എച്ച്.ആർ.എം.പി. നംമ്പർ : 1248/11/12/2024/ TVM**

പരാതികക്ഷി : രാധ.ജെ.ആർ,ടി.സി 49/1391
നിധീഷ്ഭവൻ,പൂഴിക്കുന്ന്,എസ്റ്റേറ്റ് പി.ഒ
തിരുവനന്തപുരം

എതിർകക്ഷികൾ
1) തരുണി,സൂപ്പർവൈസർ
ഐ.സി.ഡി.എസ് ഓഫീസ്,പൂജപ്പുര
2) ദീപ, CDPO അങ്കണവാടി
ഐ.സി.ഡി.എസ് ഓഫീസ്,പൂജപ്പുര

**ഉത്തരവ് തീയതി 30.09.2024**

പരാതിക്കാരി നേമം 158 ാം നമ്പർ അംഗനവാടിയിലെ ഹെൽപ്പർ ജീവനക്കാരിയാണ് പരാതികക്ഷി. 25.11.2023 തീയതി ടിയാൾ അസുഖം ബാധിച്ച് ചികിത്സയിൽ ആയതിനാൽ 25.11.2023, 26.11.2023, 27.11.2023 വരെ കാഷ്വൽ ലീവ് എടുത്തിരുന്നതായും എന്നാൽ നവംബർ മാസത്തിലെ ഓണറേറിയത്തിൽ നിന്നും 1,600/-രൂപ കുറവ് ചെയ്തതായും, കൂടാതെ ഡിസംബർ മാസത്തിലെ ഓണറേറിയത്തിൽ നിന്നും 516 രൂപയും, 2024 ജനുവരി മാസത്തിലെ ഓണറേറിയത്തിൽ നിന്നും 258 രൂപയും എതിർകക്ഷികൾ നിയമവിരുദ്ധമായി പലതവണയായി പിടിച്ചെടുത്തതായും, പിടിച്ചെടുത്ത 2,374/-രൂപയും ആയതിന്റെ പലിശയും ഏതിർകക്ഷികളിൽ നിന്നും ഈടാക്കിതരുന്നതിനുള്ള നടപടി ഉണ്ടാകണമെന്നും മറ്റുമാണ് പരാതി സംഗതി.

പരാതി വിഷയത്തിൽ വനിത ശിശുവികസന വകുപ്പ് ഡയറക്ടർ 05/09/2024 തീയതി ഒരു റിപ്പോർട്ട് സമർപ്പിച്ചു. ശ്രീമതി.രാധ.ജെ.ആർ 25.11.2023 മുതൽ 02.12.2023 വരെ അവധിക്ക് അപേക്ഷിച്ചുവെന്നും എന്നാൽ അവധി അപേക്ഷയിൽ ഏത് അവധിയാണെന്ന് വ്യക്തമാക്കിയിരുന്നില്ലായെന്നും, ആയതിനാലാണ് ശിശുവികസന പദ്ധതി ഓഫീസർ ഹോണറേറിയമല്ലാത്ത അവധിയായി പരിഗണിച്ചതെന്നും, 25.11.2023 ന് പ്രോജക്ട് മീറ്റിംഗിന് പരാതിക്കാരി ഹാജരാകാതിരുന്നതിനാൽ സൂപ്പർവൈസർ ടിയാളെ അന്വേഷിക്കുകയും ലീവ് ഹാജരാക്കുവാൻ നിർദ്ദേശിച്ചതിനെ തുടർന്ന് 27.11.2023 തീയതി ലീവ് ഹാജരാക്കുകയും ചെയ്തുവെങ്കിലും ഹോസ്പിറ്റലിൽ നിന്നുള്ള ഒ.പി ടിക്കറ്റ് മാത്രമാണ് ഹാജരാക്കിയതെന്നും, 06.01.2024 തീയതി ടിയാൾ അനധികൃതമായി അങ്കണവാടിയിൽ നിന്നും വിട്ടുനിന്നതിനാലാണ് 2024 ജനുവരി മാസത്തെ ഹോണറേറിയം 258/-രൂപ കുറവ് ചെയ്തിട്ടുള്ളതെന്നും റിപ്പോർട്ടിൽ കാണുന്നു.

കൂടാതെ പരാതികക്ഷി പല വേദികളിലും സൂപ്പർവൈസറെയും മേലുദ്യോഗസ്ഥരെയും പൊതുജനമദ്ധ്യത്തിൽ താറടിച്ച് സംസാരിക്കുകയും അങ്കണവാടിയുടെ സുഗമമായ പ്രവർത്തനത്തിന് തടസ്സമാകുന്ന തരത്തിൽ പ്രവർത്തിക്കുകയും ചെയ്യതിനെ തുടർന്ന് ഹെൽപ്പറായ ശ്രീമതി.രാധയെ 07.03.2024 തീയതിയിൽ അങ്കണവാടിയിൽ നിന്നും താത്കാലികമായി മാറ്റി നിർത്തിയിട്ടുണ്ടെന്നും റിപ്പോർട്ടിൽ പറയുന്നുണ്ട്.

പരാതി വിചാരണക്കെടുത്ത 30.09.2024 തീയതി പരാതികക്ഷി ഹാജരായി റിപ്പോർട്ടിന്മേൽ ആക്ഷേപം സമർപ്പിച്ചു. പ രാതികക്ഷി കമ്മിഷനിൽ പരാതികൊടുത്ത വിരോധത്താൽ ടിയാളെ ജോലിയിൽ നിന്നും സസ്പെൻഡ് ചെയ്യുവെന്നും, വസ്തുതകൾക്ക് നിരക്കാത്ത റിപ്പോർട്ടാണ് കമ്മീഷനിൽ സമർപ്പിച്ചതെന്നും പരാതികക്ഷി പറയുന്നു.

പരാതിയും റിപ്പോർട്ടും കമ്മീഷൻ പരിശോധിക്കുകയും ഹർജികക്ഷിയെ നേരിൽ കേൾക്കുകയും ചെയ്തു. 07.03.2024 തീയതിയിലാണ് പരാതികക്ഷിയെ ജോലിയിൽ നിന്നും മാറ്റിനിർത്തിയത്. നാളിതുവരെ തിരികെ എടുത്തിട്ടുമില്ല. സസ്പെൻഷൻ അനന്തമായി നീട്ടികൊണ്ട് പോകുന്നത് അഭികാമ്യമല്ല കൂടാതെ നിയമാനുസൃതവുമല്ല. ആയതിനാൽ എത്രയും വേഗം സസ്പെൻഷൻ ഉത്തരവ് റിവ്യൂ ചെയ്ത് ടിയാളെ ജോലിയിൽ തിരികെ എടുക്കാനുള്ള നടപടി സ്വീകരിക്കേണ്ടതാണ്. കൂടാതെ പരാതികക്ഷി കാഷ്വൽ ലീവ് അപേക്ഷ നൽകി കഴിഞ്ഞാൽ ടിയാളുടെ തടഞ്ഞു വച്ച ഹോണറേറിയം തിരികെ കൊടുക്കാനുള്ള നടപടിയും സ്വീകരിക്കേണ്ടതാണെന്ന നിർദ്ദേശത്തോടെ ഈ പരാതി തീർപ്പാക്കുന്നു.

ഇതു സംബന്ധിച്ച് സ്വീകരിച്ച നടപടികൾ വിശദമാക്കി ഒരു Action Taken Report ഒരുമാസത്തിനുള്ളിൽ വനിത ശിശുവികസന വകുപ്പ് ഡയറക്ടർ കമ്മീഷൻ ഓഫീസിൽ സമർപ്പിക്കേണ്ടതാണ്.

ഉത്തരവിന്റെ പകർപ്പ് വനിത ശിശുവികസന വകുപ്പ് ഡയറക്ടർ, പരാതികക്ഷി എന്നിവർക്ക് അയച്ചുകൊടുക്കേണ്ടതാണ്.

ഒപ്പ്
ജസ്റ്റിസ് അലക്സാണ്ടർ തോമസ്
ചെയർപേഴ്സൺ

//ശരിപ്പകർപ്പ്//

രജിസ്ട്രാർ